TB Movie Club Weekly Review #movieclub

JAILER

എഴുതിയത് : Sudhy Sj

Mr. നെൽസൺ, എന്നടാ പണ്ണി വെച്ചിറ്ക്കെ.

Do or die എന്നൊരു സാഹചര്യം വന്നാൽ മനുഷ്യൻ ഏതറ്റം വരെയും തന്റെ കഴിവിനെ പരമാവധി ചൂഷണം ചെയ്യും, അതിന് വേണ്ടി ചെകുത്താനെപോലും വെല്ലുവിളിക്കാൻ മടിയില്ലാതെ കളത്തിലും ഇറങ്ങും.

പറഞ്ഞു വന്നത് ബീസ്റ്റിന്റെ ക്ഷീണത്തിൽ അടിപതറിയ സംവിധായകൻ നെൽസന്റെ തിരിച്ചുവരവിനെയാണ്. ഒരു വിജയ് സിനിമയുടെ ക്ഷീണം എന്നത് കരിയർ തന്നെ അവസാനിക്കാൻ സാധ്യമായ മിതമായ കാരണങ്ങളിൽ ഒന്നാണ്, സോഷ്യൽ മീഡിയ ഓഡിറ്റിൽ ജയിലിൽ അടച്ചുവെച്ച നെൽസൻ തിരിച്ചു വന്നത് അങ്ങനെ ചുമ്മാ ഒരു വരവല്ല. ദർബാർ, അണ്ണാത്തെ തുടങ്ങിയ സിനിമകളുടെ ക്ഷീണം തലൈവർക്കും നിലനിൽക്കുമ്പോൾ ഏതൊരു കാലത്തേയും പാണൻ പാട്ട് പോലെ ഒരു വിഭാഗം പാടിനടന്നു തുടങ്ങി രജനിയുഗം അവസാനിച്ചു എന്ന്. അവിടെയാണ് സപ്തതി കഴിഞ്ഞ രാജാവിന്റെ അഴിഞ്ഞാട്ടം കാണുന്നത്. ഇതൊരു complete രജനി ഫിലിം ആണോന്ന് ചോദിച്ചാൽ എന്റെ അഭിപ്രായം സമ്മിശ്രമാണ്. ഇവിടെ ഒരുകൂട്ടം ആളുകളുടെ pure dedication, passion towards the cinema and ultimately ഒരു രജനി aura workout ആയെന്ന് വേണം പറയാൻ.

റിട്ടയഡ് ജീവിതം ഭാര്യയും മോനും മരുമോളും കൊച്ചുമകനും അടങ്ങിയ കുടുംബത്തോടൊപ്പം ആസ്വദിക്കുന്ന ജയിലരുടെ ജീവിതത്തിൽ മകൻ അന്വേഷിക്കുന്ന കേസിനെ ചുറ്റിപ്പറ്റി ഉള്ള സംഭവവികാസങ്ങളും അവിടെന്ന് ഒരു മിനി pan india 20-20 സിനികയിലോട്ടും കടക്കുന്ന രജനി show with anirudh music ആണ് സിനിമ.

ഒരു കമർഷ്യൽ സിനിമയുടെ മുഘ്യ ആകർഷണം പ്രേക്ഷകരുടെ മനസിൽ തോന്നുന്ന ഒരു ഹീറോയിസം സ്ക്രീനിൽ കാണുമ്പോളാണ്. ഒന്നുകിൽ അവർ ആഗ്രഹിച്ച രീതിക്ക് അല്ലേൽ അതിനുമപ്പുറം കൊടുക്കാൻ പറ്റുമ്പോളേ കയ്യടികളും ആർപ്പുവിളികളും ഉണ്ടാവുള്ളു. വല്യ ആർഭാടം ഒന്നും ഇല്ലാതെ തലൈവരെ intro ചെയുന്ന സിനിമയിൽ പക്ഷെ ഒരു സ്റ്റെജ് കഴിയുമ്പോൾ രോമം ഒക്കെ ഇങ്ങനെ എണീറ്റ് കാവാല പാട്ടിന് തമന്ന കളിക്കുന്ന പോലെ അവസാനം വരെയും തുള്ളികളിച്ചോണ്ടിരിക്കും.

ഒരു വില്ലൻ എത്ര ശക്തനാവുന്നോ, സിനിമയും അത്രയും ശക്തമായിരിക്കും. അപ്പോ ഒരു രജനികാന്ത് സിനിമയിലെ വില്ലൻ എന്നത് അത്രേം powerful അല്ലേൽ പ്രേക്ഷകർ വലിച്ചു കീറും എന്നതിൽ യാതൊരു സംശയവും ഇല്ല. അവിടെയാണ് തന്റെ ആദ്യ സീൻ മുതൽ അവസാന സീൻ വരെ "100% പ്രൊഫഷണൽ" ആയ വില്ലനിസം വിനായകൻ കാഴ്ചവെക്കുന്നത്.
നമുക്ക് കാണുമ്പോ തന്നെ അറിയാം വിനായകൻ പോലെ ഉള്ള ഒരാൾക്ക് രജനിക്ക് മുന്നിൽ എത്രത്തോളം പിടിച്ചു നിൽക്കാൻ സാധിക്കും എന്ന്. പക്ഷെ really ചില സീനിൽ വിനായകൻ തലൈവരെക്കാൾ മികച്ചുനിന്നു.

ലാലേട്ടന്റെ swag ഒന്നും അങ്ങനെ എവിടേം പോയിട്ടില്ലെന്ന് അടിവരയിട്ട് പറയാം. ചുരുങ്ങിയ സീനിൽ എജ്ജാതി സ്ക്രീൻ പ്രസൻസ് ആയിരുന്നു പുള്ളീടെ. ആ ഹൌസ്ഫുൾ crowd മുഴുവൻ നിർത്താതെ ആർപ്പ് വിളിച്ച സീനുകൾ. കട്ട ലാലേട്ടൻ ഫാൻ ആയ എനിക്ക് തിയറ്ററിൽ കിട്ടിയ ഏറ്റവും best moment ആയിരുന്നു. നെൽസന് പണി അറിയാം. ശിവന്ന, ജാക്കി ഷെറോഫ്, തമന്ന തുടങ്ങിയ വൻ താരനിരയെ എവടെ എങ്ങനെ അവരുടെ മൊത്തം ഫാൻസിനെ ആയാലും അഭിനയം ആയാലും place ചെയ്യണം എന്ന് നന്നായി മനസിലാക്കി ചെയ്തിരിക്കുന്നു.

അനിരുധ് മ്യൂസിക് പറയണ്ട അവശ്യം ഇല്ല. തുടക്കം മുതൽ ഒടുക്കം വരെ സിനിമയുടെ ജീവനും ഊർജവും അവിടെ ഭദ്രമായിരുന്നു.

നിങ്ങൾക് പറ്റുമെങ്കിൽ within 2 weeks ഈ സിനിമ കാണണം, അതും ഹൌസ്ഫുൾ ആയ തിയറ്ററിൽ നിന്നും തന്നെ. ഒരു മാസ്സ് commercial സിനിമ മാത്രം അല്ല ജയ്ലർ, ഇവിടെ അഭിനയത്തിനും പ്രാധാന്യം ഉണ്ട്.

Dont miss theater experience.

And finally,
തലൈവ, ഈ പ്രായത്തിലും എന്ന ഒരു ഇതാ.

നെൽസാ എന്നടാ പണ്ണി വെച്ചിര്ക്കെ.